# മഹാത്മാഗാന്ധി സർവ്വകലാശാല

**സാബു എസ്. ജോസഫ്**
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 - 2731020, 2732650
മൊബൈൽ : 9447201256

പി.ആർ.ഒ./39/176/2018 2018 ആഗസ്റ്റ് 13

## പത്രക്കുറിപ്പ്

**മഹാത്മാഗാന്ധി സർവ്വകലാശാലാ അദ്ധ്യാപകരും ജീവനക്കാരും ഒരുദിവസത്തെ ശമ്പളം ദുരിതാശ്വാസ നിധിയിലേക്ക് നൽകും**

മഹാത്മാഗാന്ധി സർവ്വകലാശാലാ അദ്ധ്യാപകരും ജീവനക്കാരും കുറഞ്ഞത് ഒരു ദിവസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകും. ഒരു ദിവസത്തെ ശമ്പളമെങ്കിലും നൽകണമെന്ന വൈസ് ചാൻസലറുടെയും സിൻഡിക്കേറ്റിന്റെയും നിർദ്ദേശം സർവ്വീസ് സംഘടനകൾ അംഗീകരിക്കുകയായിരുന്നു. ഈ തുക ആഗസ്റ്റ് മാസത്തെ ശമ്പളത്തിൽ നിന്നുതന്നെ നൽകുന്നതിനും തീരുമാനമായി. 1740 ജീവനക്കാരും 123 അദ്ധ്യാപകരും ആണ് നിലവിൽ സർവ്വകലാശാലയിൽ ഉള്ളത്.

**ഓണാഘോഷ പരിപാടികൾ ഒഴിവാക്കി**

പ്രളയദുരിതത്തിന്റെ പശ്ചാത്തലത്തിൽ എം.ജി. സർവ്വകലാശാലയുടെ വിവിധ സർവ്വീസ് സംഘടനകളും, ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ, മറ്റ് വിദ്യാർത്ഥി സംഘടനകൾ എന്നിവർ നടത്താനിരുന്ന ഓണാഘോഷ പരിപാടികൾ വേണ്ടെന്നുവച്ചു. ഇതിന്റെ ചെലവിലേക്കായി സംഭരിച്ചിരുന്ന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നൽകുന്നതാണ്.

**ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ എല്ലാ കോളേജുകളും സഹകരിക്കണമെന്ന് എം.ജി. വൈസ് ചാൻസലർ**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എല്ലാ അദ്ധ്യാപകരും വിദ്യാർത്ഥികളും പരമാവധി തുക സംഭാവന നൽകണമെന്നും ഇത് വിജയിപ്പിക്കാനുള്ള നടപടികൾ പ്രിൻസിപ്പൽമാർ കൈക്കൊള്ളേണ്ടതാണെന്നും സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ കോളേജ് പ്രിൻസിപ്പൽമാരോടും വൈസ് ചാൻസലർ അഭ്യർത്ഥിച്ചു. ദുരിതബാധിതരെ സഹായിക്കാൻ കോളേജുകളിലെ എൻ.എസ്.എസ്. വോളന്റിയർമാരുടെ എല്ലാവിധ സഹായ സഹകരണങ്ങൾ ഉണ്ടാകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

**ഇടുക്കി ജില്ലയിലെ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് മാറ്റിവച്ചു**

ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പ്രകാരം സർവ്വകലാശാല ആഗസ്റ്റ് 16ന് ഇടുക്കി ജില്ലയിലെ എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും നടത്താൻ നിശ്ചയിച്ചിരുന്ന കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

**പുതുക്കിയ പരീക്ഷാ തീയതി**

ആഗസ്റ്റ് 9, 10 തീയതികളിൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ എം.എ./എം.എസ്.സി./എം.കോം/എം.സി.ജെ./എം.എസ്.ഡബ്ല്യു. & എം.ടി.എ. (2017 അഡ്മിഷൻ - റഗുലർ/2014, 2015 & 2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകൾ യഥാക്രമം ആഗസ്റ്റ് 29, 31 തീയതികളിലും നാലാം സെമസ്റ്റർ എം.ബി.എ. (2016 അഡ്മിഷൻ റഗുലർ/2013 - 2015 അഡ്മിഷൻ സപ്ലിമെന്ററി/2012 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്) പരീക്ഷകൾ യഥാക്രമം സെപ്റ്റംബർ 27, 28 തീയതികളിലും ആഗസ്റ്റ് 10ന് നടത്തുവാൻ നിശ്ചയിച്ചിരുന്ന അഫിലിയേറ്റഡ് കോളേജുകളിലെ ഒന്നാം സെമസ്റ്റർ എൽ.എൽ.ബി. പരീക്ഷകൾ സെപ്റ്റംബർ 7നും ആഗസ്റ്റ് 10 ലെ രണ്ടാം സെമസ്റ്റർ (2017 അഡ്മിഷൻ റഗുലർ/2015 & 2016 അഡ്മിഷൻ സപ്ലിമെന്ററി) & നാലാം സെമസ്റ്റർ (2016 അഡ്മിഷൻ റഗുലർ/2015 അഡ്മിഷൻ സപ്ലിമെന്ററി) ബി.ടെക് (സീപാസ്) പരീക്ഷ സെപ്റ്റംബർ 7നും ആഗസ്റ്റ് 10 ലെ ഒന്നും രണ്ടും സെമസ്റ്റർ എം.എ./എം.എസ്.സി./എം.കോം (പ്രൈവറ്റ് രജിസ്ട്രേഷൻ - 2017 അഡ്മിഷൻ റഗുലർ) പരീക്ഷ സെപ്റ്റംബർ 3നും നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു. മറ്റ് പരീക്ഷകളുടെ തീയതിക്കും സമയത്തിനും പരീക്ഷാകേന്ദ്രത്തിനും മാറ്റമില്ല.

**എം.ജി. ഡിഗ്രി ഏകജാലകം രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ്: ഓപ്ഷനുകൾ ഇന്ന് (ആഗസ്റ്റ് 14) വൈകീട്ട് 5 മണിവരെ പുനഃക്രമീകരിക്കാം**

ആഗസ്റ്റ് 18ന് നടക്കുന്ന ഡിഗ്രി പ്രവേശനത്തിന്റെ രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റിന് പരിഗണിക്കപ്പെടുന്നതിനായി അപേക്ഷകർക്ക് തങ്ങൾ നേരത്തെ നലകിയ ഓപ്ഷനുകൾ പുനഃക്രമീകരിക്കുവാൻ ഇന്ന് (ആഗസ്റ്റ് 14) വൈകീട്ട് 5 മണി വരെ സൗകര്യമുണ്ടാകും. അപേക്ഷകർക്ക്

തങ്ങളുടെ ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേഡ് ഇവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകളിൽ ആവശ്യമായ പുനഃക്രമീകരണം നടത്താൻ സാധിക്കും. എന്നാൽ പുതുതായി കോളേജുകളോ, പ്രോഗ്രാമുകളോ കൂടുതലായി കൂട്ടിച്ചേർക്കുവാൻ ഈ ഘട്ടത്തിൽ സാധിക്കുകയില്ല. ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റിൽ താത്ക്കാലിക പ്രവേശം ലഭിച്ച വിദ്യാർത്ഥികൾ തങ്ങൾക്ക് നിലവിൽ ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ നിലനിൽക്കുന്ന ഹയർ ഓപ്ഷനുകൾ 'ഡിലീറ്റ്' ചെയ്യേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ ഹയർ ഓപ്ഷൻ ഡിലീറ്റ് ചെയ്യാതിരിക്കുകയും തന്മൂലം രണ്ടാം സ്പെഷ്യൽ അലോട്ട്മെന്റിൽ പുതുതായി ഹയർ ഓപ്ഷനിലെ മറ്റൊരു പ്രോഗ്രാമിലേക്ക്/കോളേജിലേക്ക് അലോട്ട്മെന്റ് ലഭിക്കുകയും ചെയ്യുന്നപക്ഷം പുതുതായി അലോട്ട്മെന്റ് ലഭിച്ച പ്രോഗ്രാമിലേക്ക്/കോളേജിലേക്ക് നിർബ്ബന്ധമായും പ്രവേശനം നേടേണ്ടതായി വരും. കൂടാതെ അവർക്ക് ലഭിച്ച ആദ്യ അലോട്ട്മെന്റ് റദ്ദാക്കപ്പെടുകയും ചെയ്യും. എന്നാൽ സ്ഥിരപ്രവേശം എടുത്ത വിദ്യാർത്ഥികൾ ഹയർ ഓപ്ഷനുകൾ ഡിലീറ്റ് ചെയ്യേണ്ടതില്ല.

**എം.ജി. പി.ജി. ഏകജാലകം: എസ്.സി./എസ്.ടി. വിഭാഗക്കാർക്കായുള്ള രണ്ടാം പ്രത്യേക അലോട്ട്മെന്റ്: ഓപ്ഷനുകൾ ഇന്ന് (ആഗസ്റ്റ് 14) വൈകീട്ട് 5 വരെ പുനഃക്രമീകരിക്കാം.**

ആഗസ്റ്റ് 10ന് നടക്കുന്ന ഡിഗ്രി പ്രവേശനത്തിന്റെ എസ്.സി./എസ്.ടി. വിഭാഗക്കാർക്കായുള്ള രണ്ടാം അലോട്ട്മെന്റിന് പരിഗണിക്കപ്പെടുന്നതിനായി അപേക്ഷകർക്ക് തങ്ങൾ നേരത്തെ നൽകിയ ഓപ്ഷനുകൾ പുനഃക്രമീകരിക്കുവാൻ നാളെ വൈകീട്ട് 5 മണി വരെ സൗകര്യമുണ്ടാകും. അപേക്ഷകർക്ക് തങ്ങളുടെ ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേഡ് ഇവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകളിൽ ആവശ്യമായ പുനഃക്രമീകരണം നടത്താൻ സാധിക്കും. എന്നാൽ പുതുതായി കോളേജുകളോ, പ്രോഗ്രാമുകളോ കൂടുതലായി കൂട്ടിച്ചേർക്കുവാൻ ഈ ഘട്ടത്തിൽ സാധിക്കുകയില്ല. മൂന്നാം അലോട്ട്മെന്റ് വഴി പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ തങ്ങൾക്ക് നിലവിൽ ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ നിലനിൽക്കുന്ന ഹയർ ഓപ്ഷനുകൾ 'ഡിലീറ്റ്' ചെയ്യേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ ഹയർ ഓപ്ഷൻ ഡിലീറ്റ് ചെയ്യാതിരിക്കുകയും തന്മൂലം രണ്ടാം സ്പെഷ്യൽ അലോട്ട്മെന്റിൽ പുതുതായി ഹയർ ഓപ്ഷനിലെ മറ്റൊരു പ്രോഗ്രാമിലേക്ക്/കോളേജിലേക്ക് അലോട്ട്മെന്റ് ലഭിക്കുകയും ചെയ്യുന്നപക്ഷം പുതുതായി അലോട്ട്മെന്റ് ലഭിച്ച പ്രോഗ്രാമിലേക്ക്/കോളേജിലേക്ക് നിർബ്ബന്ധമായും പ്രവേശനം നേടേണ്ടതായി വരും. കൂടാതെ അവർക്ക് ലഭിച്ച ആദ്യ അലോട്ട്മെന്റ് റദ്ദാക്കപ്പെടുകയും ചെയ്യും. സ്ഥിരപ്രവേശം നേടിയിട്ടുള്ളവർ ഹയർ ഓപ്ഷനുകൾ ഡിലീറ്റ് ചെയ്യേണ്ടതില്ല.

**ബി.എഡ്. സ്പോട്ട് അഡ്മിഷൻ**

അഫിലിയേറ്റഡ് ട്രെയിനിംഗ് കോളേജുകളിൽ ഒന്നാം വർഷ ബി.എഡ്. പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിൽ ആഗസ്റ്റ് 29 വരെ സ്പോട്ട് അഡ്മിഷൻ അനുവദിച്ചു. കോളേജുകൾ ആഗസ്റ്റ് 31ന് മുമ്പായി പ്രവേശന നടപടികൾ പൂർത്തിയാക്കണം.

**പരീക്ഷാഫലം**

2017 നവംബർ മാസത്തിൽ നടത്തിയ മൂന്നാം വർഷ ബി.എസ്.സി. മെഡിക്കൽ ലബോറട്ടറി ടെക്നോളജി (എം.എൽ.ടി.)(റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 23 വരെ അപേക്ഷിക്കാം.

2017 ഒക്ടോബർ മാസത്തിൽ നടത്തിയ സി.ബി.സി.എസ്.എസ്. മൂന്നാം സെമസ്റ്റർ ബി.എ. മോഡൽ I, II, III (2013ന് മുമ്പുള്ള അഡ്മിഷൻ ആർ.എൽ.വി. കോളേജിലെ ബി.എ. മ്യൂസിക് (വോക്കൽ) കോഴ്സ് ഒഴികെ) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 28 വരെ അപേക്ഷിക്കാം.

**സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പരീക്ഷാ പരിശീലനം**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് മത്സരപരീക്ഷയ്ക്കുള്ള തീവ്രപരിശീലനം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിക്കുന്നു. ഏതാനും സീറ്റുകൾ ഒഴിവുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 - 2731025.

**അടിക്കുറിപ്പ്**

**വേനൽക്കാലത്തെ ജലക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി സർവ്വകലാശാലാ ഗ്രൗണ്ടിന് സമീപത്തായുള്ള നവീകരിച്ച കുളത്തിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ നിർവ്വഹിക്കുന്നു**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**